# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. AUGUST 2025. ₹5.00

VOL. 10 - ISSUE NO. 02 - DATE OF PUBLICATION 25TH AUGUST, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24







KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Publisher**
A. Nizarudeen
✆ 94477 10078

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

**Printer**
Rajesh G.
✆ 98957 03837

## ഉള്ളടക്കം


- **എഡിറ്റോറിയൽ:** വ്യവസായ വികസനത്തിൽ നമ്മുടെ മാസികയുടെ പങ്ക് .................................... 03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** പൊലൂഷൻ കൺട്രോൾ ബോർഡും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ലൈസൻസ് നൽകുന്ന നടപടികൾ ലഘൂകരിക്കുന്നു............... 05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** നിലവിലെ സംരംഭങ്ങൾ വിപുലീകരിക്കാനും ആധുനികവൽക്കരിക്കാനും വ്യവസായ വകുപ്പിന്റെ പ്രോത്സാഹനം: മിഷൻ 1000 പദ്ധതി.................. 07
- **ജി.എസ്.ടി. (Faceless-Adjudication)** ജി.എസ്.ടി.യിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ മുഖം കാണാതെയുള്ള വിചാരണയ്ക്ക് സമയമായിട്ടില്ല ...... 9
- **പി.എം.എഫ്.എം.ഇ. പദ്ധതി (CIF)** കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സെന്റർ ... 12
- **ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ മികച്ചതാവാൻ 10 കാരണങ്ങൾ.................. 14**
- **ഡിഫൻസ് പാർക്കും കെ-സ്പേസും പുതിയ സാധ്യതകൾ തുറക്കുന്നു............. 16**
- **റീ ഇൻവെന്റ് മലബാർ - ഗ്രോത്ത് സ്റ്റോറീസ് കാമ്പയിന് തുടക്കം കുറിച്ചു...... 18**
- **വ്യാപാരിസുരക്ഷാ ഇൻഷുറൻസ് പദ്ധതി.... 21**


**KSSiA NEWS** www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - AUGUST 2025 - ₹5.00

## എഡിറ്റോറിയൽ

# വ്യവസായ വികസനത്തിൽ നമ്മുടെ മാസികയുടെ പങ്ക്



നമ്മുടെ കൊച്ചു കേരളത്തിൽ ഇപ്പോൾ അതിദ്രുതഗതിയിലാണ് വ്യവസായങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. ആ പുരോഗതിക്കൊപ്പം കുതിക്കേണ്ടതാണ് നമ്മുടെ യൂണിറ്റുകളും, കൂട്ടായ്മയുടെ ശക്തിയും സ്വാധീനവുമായ നമ്മുടെ സംഘടനയും. അതിനായുള്ള പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട സാഹചര്യമാണ് ഇന്ന് നമ്മുടെ മുന്നിൽ ഉള്ളത്.

നമ്മുടെ സംഘടനയുടെ പ്രവർത്തനം അംഗങ്ങൾക്ക് മാത്രമായുള്ളതല്ല. അത് കേരളത്തിലെ മുഴുവൻ ഉൽപാദക വ്യവസായ യൂണിറ്റുകൾക്കും വേണ്ടിയാണ്. മാത്രമല്ല പുതിയ വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്കും കൂടിയാണ്. വ്യക്തികളുടെ വളർച്ചയ്ക്കൊപ്പം തന്നെ, യൂണിറ്റുകളുടെ വളർച്ചയും, ഒപ്പം തന്നെ ദേശത്തിന്റെ സാമ്പത്തിക വികസനവും നാം ലക്ഷ്യമിടുന്നു.

നമ്മുടെ മുഖ മാസികയിൽ വ്യവസായികളുടെ സംശയങ്ങൾക്കും അവരുടെ പ്രശ്നങ്ങൾക്കും പരിഹാരവും നിർദ്ദേശവുമായി അതിവിദഗ്ധരുടെ ഒരു പാനൽ തന്നെയുണ്ട്. അവർ മറുപടി നൽകുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ പംക്തിക്ക് ഒട്ടനവധി വ്യവസായ യൂണിറ്റുകളുടെയും വ്യക്തികളുടെയും അഭിനന്ദനങ്ങൾ കിട്ടിയിട്ടുള്ളതുമാണ്. വായനക്കാരായ വ്യവസായികൾക്കും സംരംഭകർക്കും മാസികയിലൂടെ ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

സർക്കാർ ഉത്തരവുകൾ അറിയാനും, വ്യവസായങ്ങൾ തമ്മിലുള്ള സഹകരണങ്ങളും ബന്ധവും ഊട്ടിയുറപ്പിക്കുന്നതിനും ഇത് ഉപകാരപ്പെടുന്നു. വ്യവസായവുമായി ബന്ധപ്പെട്ട ചെറു പ്രശ്നങ്ങൾ പോലും ഇവിടെ വിശദമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാന വ്യവസായ പുരോഗതിക്കൊപ്പം ചേരാൻ നാം ചില പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങുകയാണ്. അതിൽ പ്രധാനം, വ്യക്തികളേയും അവരുടെ ഉത്പന്നങ്ങളെയും പരിചയപ്പെടുത്തുക എന്ന പദ്ധതിയാണ്.

അതിനായി അടുത്ത ലക്കം മുതൽ 'വിജയവീഥി' എന്ന ഒരു പംക്തി ആരംഭിക്കുന്നു. നിങ്ങളേയും നിങ്ങളുടെ ഉൽപ്പന്നങ്ങളേയും പരിചയപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുമായി ബന്ധപ്പെടുക.

സ്നേഹപൂർവ്വം,


**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു

- **10 ലക്ഷം രൂപ വരെ സബ്സിഡി**

  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**

  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**

  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്

ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

**K-bip**
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org

പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883



# പൊല്യൂഷൻ കൺട്രോൾ ബോർഡും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ലൈസൻസ് നൽകുന്ന നടപടികൾ ലഘൂകരിക്കുന്നു

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും, പൊല്യൂഷൻ കൺട്രോൾ ബോർഡിലും നിന്നുണ്ടാകുന്ന ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിച്ച് വ്യവസായം നടത്തുന്നതിനുള്ള അനുകൂലമായ നടപടികൾ സ്വീകരിച്ചു കൊണ്ടുള്ള സർക്കാർ പ്രഖ്യാപനത്തെ കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ സർക്കാരിനെ അഭിനന്ദിക്കുന്നു.

**സ്വകാര്യ ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾക്ക് ധന സഹായം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി. അവതരിപ്പിച്ച ഒരു പുതിയ പദ്ധതിയെ കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നു. സ്വകാര്യ പാർക്കുകളിലെ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.**

കേരളം, വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് ദീർഘവീക്ഷണത്തോടുകൂടിയ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വ്യവസായ മേഖലയ്ക്ക് ദോഷകരമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും വ്യവസായ വളർച്ചയ്ക്ക് സഹായകരമായ രീതിയിൽ ഭേദഗതികൾ ചെയ്തുകൊണ്ടുള്ള സർക്കാർ നടപടികൾ വ്യവസായമേഖല സ്വാഗതം ചെയ്തിരിക്കുകയാണ്. നിലവിലുള്ള വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുതിയ സംരംഭങ്ങൾ വരുന്നതിനുമുള്ള അനുകൂലമായ അന്തരീക്ഷത്തിന് നമ്മുടെ സംസ്ഥാനത്ത് വിത്തുപാകി.

വ്യവസായികളെ സംബന്ധിച്ച് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടുന്നതും പരാതികൾ ഉള്ളതും ആയ ഒരു സ്ഥാപനമാണ് കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ്. സംരംഭകരുടെ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനും ലൈസൻസ് നൽകുന്നതിനും ബുദ്ധിമുട്ടുകളും കാലതാമസവും ഉണ്ടാകുന്നുയെന്നത് പൊതുവേയുള്ള പരാതികളാണ്. ഇപ്പോൾ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ചുവടുപിടിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നടപടിക്രമങ്ങളും വ്യവസായികൾക്ക് അനുകൂലമായി നടപ്പാക്കാനുള്ള ഒരു തീരുമാനം ഉണ്ടായതിൽ



വ്യവസായികൾ വളരെ സന്തുഷ്ടരാണ്. ഇതിന്റെ ആദ്യപടിയായി സംരംഭകരുടെ പുതിയ അപേക്ഷകളിൽ മൂന്നു ദിവസത്തിനുള്ളിൽ അനുമതി നൽകാനും അതുപോലെ മൂന്ന് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകാനുമുള്ള തീരുമാനം എടുത്തതായിട്ടാണ് അറിഞ്ഞത്.

റെഡ് കാറ്റഗറി ഒഴിച്ചുള്ള വൈറ്റ്, ഗ്രീൻ, ഓറഞ്ച് കാറ്റഗറിയിലുള്ള വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനും പുതുക്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എൻജിനീയർമാർക്ക് നൽകിയിരിക്കുകയാണ്. വ്യവസായികളെ സംബന്ധിച്ച് ബാങ്ക് വായ്പയും ജി.എസ്.ടി. രജിസ്ട്രേഷനും കാലതാമസം കൂടാതെ ലഭിക്കാൻ വളരെ സഹായകരമാണ് ഇത്. അനുമതിക്കുള്ള അപേക്ഷയും പുതുക്കുന്നതിനും സംരംഭകൻ നിയമത്തിനും, ചട്ടങ്ങൾക്കും, ബിൽഡിങ് റൂളിനും അനുസൃതമായിട്ടായിരിക്കണം സമർപ്പിക്കേണ്ടത്. ഇതിന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ് സമർപ്പിച്ചാൽ മതിയാകും. സത്യവാങ്ങിൽ പറഞ്ഞിരിക്കുന്നതിന് എതിരായി എന്തെങ്കിലും പാകപിഴ വരുത്തിയാൽ ലൈസൻസ് റദ്ദാക്കുന്നതായിരിക്കും. ആയതിനാൽ സത്യവാങ്ങിൽ പറഞ്ഞിരിക്കുന്നതിനെതിരായി പ്രവർത്തിച്ചാൽ ശിക്ഷാനടപടികൾ ഉണ്ടാകും എന്ന കാര്യവും വ്യവസായികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സംസ്ഥാനത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിനും പുതിയ സംരംഭങ്ങൾ വരുന്നതിനും ദോഷകരമായ നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്തു വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിൽപ്പെടുത്തി നോട്ടിഫൈഡ് ആയി പ്രഖ്യാപിച്ച് ഉത്തരവായി.

ഭരണഘടന 243 Q രാഷ്ട്രപതി വിജ്ഞാപനം ചെയ്ത പ്രകാരം വ്യവസായ എസ്റ്റേറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരില്ല. ഇതനുസരിച്ച് ഈ എസ്റ്റേറ്റുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരു അധികാരവുമില്ല എന്ന് മാത്രമല്ല വ്യവസായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കാനോ മറ്റ് നികുതികൾ പിരിക്കാനോ അവകാശം ഇല്ല എന്നാൽ 1994 ലെ പഞ്ചായത്ത് രാജ് ആക്ട് അധ്യായം XIX വ്യവസ്ഥ പ്രകാരം ഈ എസ്റ്റേറ്റുകളിലെ സംരംഭങ്ങളിൽ നിന്നും വസ്തു നികുതിയും മറ്റു നികുതികളും പിരിക്കാൻ ഉള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. ഇതു വ്യവസായികൾക്ക് നൽകിയ വാഗ്ദാനങ്ങൾക്ക് കടകവിരുദ്ധമാണ്. ഇത് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് കോട്ടം തട്ടുകയും ദേശീയതലത്തിൽ തെറ്റായ പ്രചരണത്തിനും ഇടവരും.

ഈ വസ്തുതകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ വ്യവസായ നയത്തിന് അനുസരിച്ച് വ്യവസായ മേഖലയ്ക്ക് നൽകിയ വാഗ്ദാനം നിറവേറ്റുന്നതിനുമായി വ്യവസായ മേഖലയ്ക്ക് ദോഷകരമായ 1994ലെ പഞ്ചായത്ത് രാജ് അധ്യായം XIXലെ വ്യവസ്ഥ പൂർണ്ണമായും എടുത്ത് കളയുകയോ ഭേദഗതി വരുത്തുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**




KSSIA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%



# നിലവിലെ സംരംഭങ്ങൾ വിപുലീകരിക്കാനും ആധുനികവൽക്കരിക്കാനും വ്യവസായ വകുപ്പിന്റെ പ്രോത്സാഹനം: മിഷൻ 1000 പദ്ധതി

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

MISSION 1000

നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് (എം.എസ്.എം.ഇ.) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പുതിയ മെഷിനറികൾ സ്ഥാപിച്ച് തങ്ങളുടെ സ്ഥാപനങ്ങൾ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള സഹായകരമായ പദ്ധതിയാണ് മിഷൻ 1000 പദ്ധതി. 1000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തന ശേഷിയും ഉൽപാദനശേഷിയും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഇത്. ഈ പദ്ധതിയെ സംബന്ധിച്ച് മുൻ ലക്കങ്ങളിൽ വിശദമായ അറിയിപ്പ് നൽകിയിരുന്നതാണ്. ഈ പദ്ധതിയുടെ പ്രാധാന്യം കൂടി കണക്കിലെടുത്താണ് ഈ വിഷയത്തെ സംബന്ധിച്ച് വീണ്ടും വ്യവസായ സംരംഭകരെ ഓർമ്മപ്പെടുത്തുന്നത്. നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റു വരവുള്ള സംരംഭങ്ങൾ ആയി ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2022-23 സംരംഭക വർഷത്തിന്റെ തുടർച്ചയായി ഈ പദ്ധതിക്ക് തുടക്കമിട്ടു വ്യവസായ വകുപ്പിൽ രജിസ്ട്രേഷൻ എടുത്ത് (ഉദ്യം രജിസ്ട്രേഷൻ) 2023 മാർച്ച് 31ന് കുറഞ്ഞത് മൂന്നുവർഷമെങ്കിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആയിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കണമെന്ന് നിബന്ധനയുണ്ട്. നിർമ്മാണ മേഖലയ്ക്ക് മാത്രമല്ല സേവനമേഖലയ്ക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താം

### ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ:

നിക്ഷേപം, വാർഷിക വിറ്റുവരവ്, ലാഭം, ശേഷി, വിനിയോഗം, കയറ്റുമതി ജീവനക്കാരുടെ എണ്ണം, പ്രൊമോട്ടർമാരുടെ സിബിൽ സ്കോർ, ലഭിച്ച സർട്ടിഫിക്കേഷനുകൾ എന്നിവ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ആയിരിക്കും


### സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ

- മൂലധന സബ്സിഡി 40% വരെ പരമാവധി രണ്ടു കോടി രൂപ.
- പ്രവർത്തന മൂലധന വായ്പക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് പരമാവധി 50 ലക്ഷം രൂപ.
- വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വരുന്ന ചെലവിന് ഒരു ലക്ഷം രൂപ വരെ സഹായം.
- വ്യവസായ വകുപ്പിന്റെ എല്ലാ പദ്ധതികളിലും പ്രോത്സാഹനങ്ങളിലും മുൻഗണന.
- ഗുണനിലവാരം സർട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിന് പ്രത്യേക സഹായം.
- തെരഞ്ഞെടുക്കപ്പെടുന്ന സംരംഭങ്ങൾക്ക് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥന്റെ സഹായം.
- സാങ്കേതിക നവീകരണത്തിനും കഴിവുകൾക്കും പ്രത്യേക സഹായം.

### മൂലധന നിക്ഷേപത്തിൽ ഉൾപ്പെടുന്നവ:

ഭൂമി, പുതിയ കെട്ടിടങ്ങൾ വിപുലീകരിക്കൽ, അടിസ്ഥാന സൗകര്യ വികസനം, ഓഫീസ് ഉപകരണങ്ങൾ, യന്ത്രങ്ങൾ, ഇലക്ട്രിക്കൽ ജോലികൾ, ജനറേറ്ററുകൾ, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ തുടങ്ങിയവ മൂലധന നിക്ഷേപത്തിൽപ്പെടും. വ്യവസായ വകുപ്പ് നിശ്ചയിച്ച ഏജൻസികൾ മുഖാന്തിരമായിരിക്കണം ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കേണ്ടത്. പ്രവർത്തനശേഷി പൂർത്തിയാക്കിയ ശേഷം കുറഞ്ഞത് അഞ്ച് വർഷം പ്രവർത്തിക്കണമെന്ന വ്യവസ്ഥ പാലിക്കണം. നേരത്തെ അപേക്ഷിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താത്തവർക്കും വീണ്ടും അപേക്ഷിക്കാവുന്നതാണ്. പലിശ ഇനത്തിൽ സബ്സിഡി ആയി നല്ലൊരു ഭാഗം സഹായമായി ലഭിക്കുമ്പോൾ സാമ്പത്തിക പരാധീനതകളിൽ നിന്നും മുക്തി നേടാനും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം നേരിടുന്ന ബുദ്ധിമുട്ടുകളുടെ കാഠിന്യം കുറയ്ക്കാനും വളരെ സഹായകരമായ ഈ പദ്ധതി നിലവിലെ സംരംഭകർ പ്രയോജനപ്പെടുത്തണമെന്ന് ഒരിക്കൽ കൂടി എം.എസ്.എം.ഇ. കളോട് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ല വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്.■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**




# India International INDUSTRIAL EXPO

IIIE 2026

*Accelerating Industry Growth*

**2026 JANUARY**

**16 17 18**

**ADLUX INTERNATIONAL CONVENTION CENTRE**

**KOCHI | KERALA | INDIA**

Limited stalls are available

Organizer

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart

In Association with

MSME | DEPARTMENT OF INDUSTRIES & COMMERCE | KSIDC | K-bip

For more details:

**+91-9947733339**

**+91-9995139933**

info@iiie.in

www.iiie.in



# ജി.എസ്.ടി.യിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ മുഖം കാണാതെയുള്ള വിചാരണയ്ക്ക് (Faceless-Adjudication) സമയമായിട്ടില്ല

**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd

നിലവിലുള്ള ജി.എസ്.ടി.യിലെ പ്രശ്നങ്ങൾ പരിഹരിക്കൂ! അതിനുശേഷം ആകാം കേരള ജി.എസ്.ടി.യിലെ 'ഫെയ്സ് ലെസ്സ് അഡ്ജ്യുഡിക്കേഷൻ' അഥവാ മുഖം കാണാതെയുള്ള ഓൺലൈൻ ജി.എസ്.ടി. നികുതി നിർണയ ചർച്ചകൾ പോലും ആരംഭിക്കാൻ...

മുഖത്തോട് മുഖം കണ്ട് രേഖകൾ സമർപ്പിച്ചിട്ട് പോലും നടപടികൾ ആകാതിരിക്കുന്ന കേരള ജി.എസ്.ടി. സംവിധാനത്തിൽ ഇനി മുഖം കാണാതെയുള്ള ഓൺലൈൻ ജി.എസ്.ടി. സംവിധാനം ആകുന്നു എന്ന പത്രകുറിപ്പ് അല്ലെങ്കിൽ വാർത്ത നികുതി ദായകരെ ഞെട്ടിച്ചു കാണും.

ജി.എസ്.ടി. നിയമങ്ങൾ നടപ്പിലാക്കി എട്ടു വർഷം കഴിഞ്ഞിട്ടും ജി.എസ്.ടി.യിൽ നൂറുകണക്കിന് മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്നു. നിയമത്തിലെ കുറവുകൾ പരിഹരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ വിജയകരമാകാത്തതും അതിനിടയിൽ തന്നെ വീണ്ടും വീണ്ടും പരിഷ്കാരങ്ങൾ നടത്തുന്നതും ആരെ ബോധിപ്പിക്കാൻ വേണ്ടിയാണ്! എന്താണ് അതിന്റെ ഉദ്ദേശം. ഇന്ത്യയിൽ ആദ്യമായി 'ഫേസ്ലെസ് അഡ്ജൂഡിക്കേഷൻ' നടപ്പാക്കി എന്ന് കൊട്ടിഘോഷിക്കുവാൻ വെമ്പൽ കൊള്ളാൻ തെയ്യാറെടുക്കുന്നവർ ഇതുമായി ബന്ധപ്പെട്ട പ്രായോഗിക തലത്തിലെ യാതനകളും കഷ്ടപ്പാടുകളും കൊണ്ട് നട്ടം തിരിയുന്ന ബിസിനസുകാരുടെയും ടാക്സ് പ്രൊഫഷണലുകളുടേയും, ഓഡിറ്റർമാരുടേയും ഒക്കെ ഭാഗങ്ങൾ കേൾക്കുന്നുണ്ടോ. ഈ അധികാരികൾക്ക് എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്നോർത്ത് തലയിൽ കൈവയ്ക്കുകയാണ് നികുതിമേഖലയിലെ പലരും. പ്രായോഗികമായി നേരിട്ടു പരിചയമില്ലാത്ത ദൈനം ദിന പ്രശ്നങ്ങൾ നേരിട്ട് അനുഭവിക്കാത്ത, ജി.എസ്.ടി. പ്രശ്നങ്ങൾ കൈകാര്യം ചെയ്യാത്ത ഉപദേശകർക്കു മാത്രമേ "faceless" അഡ്ജുഡിക്കേഷന്റെ സമയമായിട്ടില്ല എന്നു മനസ്സിലാകൂ.

നടക്കാത്ത കാര്യങ്ങൾ നടത്തുമെന്ന് കൊട്ടിഘോഷിക്കുമ്പോൾ കേരളത്തിലെ ജി.എസ്.ടി.യുടെ സാങ്കേതിക പ്രശ്നങ്ങൾ ഉൾപ്പെടെ നികുതി ദായകൻ അനുഭവിക്കുന്ന പ്രശ്നങ്ങൾ അധികാരത്തിലിരിക്കുന്നവർ കണ്ടില്ലെന്ന് നടിക്കുകയാണ് എന്ന് പറയേണ്ടി വരുന്നു. പ്രശ്നകലുഷിതമായ നിരവധി കാര്യങ്ങൾ ജി.എസ്.ടി. യിൽ പരിഹാരമില്ലാതെ കെട്ടിക്കിടക്കുന്നത് ആരും കാണുന്നില്ല എന്ന് ഖേദത്തോടെ സൂചിപ്പിക്കുന്നു. അപ്പോഴാണ് അതൊന്നും ശ്രദ്ധിക്കാതെ കയ്യടി മാത്രം ലക്ഷ്യമാക്കി ധൃതിയിൽ പുതിയ പരിഷ്ക്കാരത്തിനായി പദ്ധതി ഇടുന്നത്.

### ജി.എസ്.ടി. ഫെസിലിറ്റേഷൻ കൗൺസിൽ:

നികുതിദായകരുടെ പ്രതിനിധികൾ, നികുതി മേഖലയുമായി ബന്ധപ്പെട്ട മറ്റു പ്രതിനിധികൾ കൂടി ഉൾപ്പെട്ട നിയമത്തിന്റെ പിൻബലമുള്ള ജി.എസ്.ടി.യുടെ 'ഫെസിലിറ്റേഷൻ കൗൺസിൽ' നിരവധി പരാതികളും പര്യവേദനങ്ങളും എഴുതി നൽകുന്നതു പോലും പരിഗണിച്ചിട്ടുണ്ടോ എന്ന് എത്രപേർ മനസ്സിലാക്കുന്നു.




### ജി.എസ്.ടി. പോർട്ടിലെയും ജി.എസ്.ടി. മാനേജ്മെന്റിലെയും പ്രശ്നങ്ങൾ ആദ്യം പരിഹരിക്കൂ:

ജി.എസ്.ടി. ചട്ടങ്ങളും നിയമങ്ങളും, ജി എസ് ടി പോർട്ടലിൽ പരിജ്ഞാനം ഉള്ളവർക്ക് പോലും ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കണമെങ്കിൽ പല ടെക്നിക്കുകളും മാസംതോറും ഉപയോഗിക്കേണ്ടതായി വരുന്നു. ജി.എസ്.ടി. പോർട്ടലിലെ അത്തരം പോരായ്മകൾക്കും മറ്റു വിവിധങ്ങളായ ഇനിയും പരിഹരിക്കേണ്ട കാര്യങ്ങൾക്കും പരിഹാരത്തിനായി നിരവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അധികാരികൾക്കു മുമ്പിൽ കെട്ടിക്കിടക്കുമ്പോൾ അതൊന്നും പരിഹരിക്കാതെ പുതിയ പരിഷ്കാരങ്ങളുടെ പുറകിൽ നികുതി ദായകരെയും ഉദ്യോഗസ്ഥരെയും പ്രൊഫഷണലുകളെയും പരീക്ഷിക്കുന്നതോ, ഷോക്കടിപ്പിക്കുന്നതോ ആയ നടപടികളാണ് ജി.എസ്.ടി.യിൽ നടന്നുകൊണ്ടിരിക്കുന്നത് എന്ന് ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ കുറ്റം പറയാൻ പറ്റില്ല.

ഉദ്യോഗസ്ഥരെ നേരിട്ട് പറഞ്ഞു മനസ്സിലാക്കിയിട്ടും രേഖകൾ നേരിട്ടു കൊടുത്തിട്ടും പരിഹരിക്കാത്ത എത്രയോ കേസുകൾ ഉണ്ട്. ഈ ലേഖകന് നേരിട്ട് അനുഭവമുള്ള ചില കാര്യങ്ങൾ ചെറുതായി സൂചിപ്പിക്കട്ടെ.

റിട്ടേൺ ഫോമിന്റെ കോളം മാറി റിട്ടേൺ ഫയൽ ചെയ്തതിൽ കോടിക്കണക്കിന് രൂപ നികുതി ചുമത്തുന്നതു പോലും പരിഹരിക്കാൻ നേരിട്ടുള്ള വിചാരണയ്ക്ക് കഴിയുന്നില്ല പിന്നെയാണോ 'ഫേസ്ലെസ്സ് അജ്യൂഡിക്കേഷൻ'

റിട്ടേണിൽ കോളം മാറി പോയത് പോലെയുള്ള സാങ്കേതിക പ്രശ്നങ്ങൾ മൂലം കോടിക്കണക്കിനു രൂപ ജി.എസ്.ടി. ആയും പലിശയായും പെനാൽറ്റിയായും ചുമത്തിക്കൊണ്ടുള്ള ഉത്തരവു വന്നപ്പോൾ നികുതിദായകന്റെ ഭാഗത്തുനിന്നും സാങ്കേതിക പ്രശ്നങ്ങൾ മാത്രമാണ് സംഭവിച്ചിട്ടുള്ളതെന്നും ഒരു പൈസ പോലും സർക്കാരിന് നികുതി ഇനത്തിൽ നഷ്ടപ്പെട്ടിട്ടില്ല ഏന്നും, ജി.എസ്.ടി. റിട്ടേൺ റിവൈസ് ചെയ്യാനുള്ള സാങ്കേതിക സൗകര്യം ജി.എസ്.ടി. പോർട്ടലിൽ ഇല്ലാത്തതാണ്, വലിയ നികുതി ഡിമാൻഡിന് ഹേതുവായത് എന്ന് സ്ഥാപനത്തിന്റെ ഓഡിറ്ററുടെ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട ജി.എസ്.ടി. ഓഫീസുകളിൽ സമർപ്പിച്ചപ്പോൾ ഓഫീസർമാർ കൈ മലർത്തുകയാണ് ചെയ്തത്. ടാക്സ് പെയർ സർവീസിലും ജില്ലാതല ജോയിന്റ് കമ്മീഷണറുടെ (JC) മുന്നിലും എന്തിനേറെ സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്കു വരെ നിവേദനങ്ങൾ സമർപ്പിച്ച് പലപ്രാവശ്യവും ഉദ്യോഗസ്ഥരെ നേരിട്ട് കണ്ടിട്ടും ഉദ്യോഗസ്ഥർ കോടിക്കണക്കിന് രൂപയുടെ റവന്യൂ റിക്കവറി നടപടികൾക്ക് അയച്ചതല്ലാതെ നികുതിദായകന് യാതൊരു പരിഹാരവും കിട്ടിയില്ല. മാത്രവുമല്ല തിരുവനന്തപുരം ജി.എസ്.ടി. കമ്മീഷണറുടെ ഓഫീസിൽ നിന്നും ജില്ലാതല ജോയിന്റ് കമ്മീഷണറോട് റിപ്പോർട്ട് ചോദിക്കുക എന്ന ഒരു പതിവ് പരിപാടിയിൽ കാര്യങ്ങൾ അവസാനിച്ചു എന്നല്ലാതെ മറ്റൊരു അനുകൂല നടപടിയും സാങ്കേതികമായ കാര്യങ്ങളിൽ പോലും സംസ്ഥാന ജി.എസ്.ടി.യിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും നികുതി ദായകർക്ക് ലഭിക്കുന്നില്ല എന്നത് അതീവ ഖേദകരമാണ്.




### ഹൈക്കോടതി തന്നെ ശരണം

ഈ കാര്യങ്ങളെല്ലാം പ്രതിപാദിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ writ പെറ്റീഷൻ സമർപ്പിച്ചപ്പോൾ ഏതാണ്ട് മൂന്നു മാസത്തിനുള്ളിൽ അനുകൂല തീരുമാനം ഉണ്ടായി. കോടിക്കണക്കിന് രൂപ റവന്യൂ റിക്കവറി നടപടികൾക്കു വേണ്ടി ശുപാർശ ചെയ്ത അതേ ഉദ്യോഗസ്ഥൻ തന്നെ ബഹുമാനപ്പെട്ട കോടതി ഉത്തരവ് പ്രകാരം ഒരു പൈസ പോലും നികുതി അടയ്ക്കാൻ ഇല്ല എന്ന ഉത്തരവും നൽകി. കോടതി ഇടപെട്ടില്ലായിരുന്നുവെങ്കിൽ ആ നികുതിദായകൻ എത്രയേറെ യാതനകൾ ഇനിയും അനുഭവിക്കേണ്ടി വരുമായിരുന്നു. നികുതിദായകൻ മാത്രമല്ല അതുമായി ബന്ധപ്പെട്ട നികുതിദായകന്റെ സ്ഥാപനത്തിലെ പല ജോലിക്കാർക്കും നികുതിദായകരുടെ കുടുംബങ്ങൾക്കും കോടിക്കണക്കിന് രൂപയുടെ ബാധ്യത എന്ന ഭീകരത അവരുടെയൊക്കെ എത്രയോ ദിവസത്തെ ഉറക്കത്തെയും ആരോഗ്യത്തെയും ബുദ്ധിമുട്ടിച്ചു എന്ന് ആരെങ്കിലും കണക്കുകൂട്ടുന്നുണ്ടോ. വാസ്തവത്തിൽ ആ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മേൽ ഉദ്യോഗസ്ഥനോ ചെറുതായി ഇടപെട്ടാൽ പെട്ടെന്ന് പരിഹരിക്കാവുന്ന ഒരു കാര്യം പലവട്ടം നികുതിദായകൻ പ്രസ്തുത ഉദ്യോഗസ്ഥരുടെ മുന്നിൽ വന്ന് നേരിട്ട് അവതരിപ്പിച്ചിട്ട് പരിഹാരം കാണാൻ കഴിയാത്ത കാര്യം കോടതികളുടെ മുമ്പിൽ എത്തി മാത്രം പരിഹരിക്കുന്നു എന്ന അവസ്ഥ വരുന്നത് ജി.എസ്.ടി.യുടെ ഒമ്പതാം വർഷത്തിലും വേദനാജനകം എന്നല്ലേ പറയാൻ കഴിയൂ. ഒരു നികുതിദായകനു ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിൽ നിന്നും നിയമസംരക്ഷണം കിട്ടാത്തത് ഇത്തരം കാര്യങ്ങളിൽ ഉദ്യോഗസ്ഥരുടെ വീഴ്ചകൾ മാത്രമാണ്. ഇതുമൂലം എത്രമാത്രം ബുദ്ധിമുട്ടുകൾ നികുതിദായകൻ സാമ്പത്തികമായും മാനസികമായും മറ്റു ആരോഗ്യ പ്രശ്നങ്ങൾകൊണ്ടും സഹിച്ചുകൊണ്ടിരിക്കുന്നു എന്നത് ആരോടാണ് പറയേണ്ടത്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് അല്ലെങ്കിൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും ബാധ്യതകൾ വരുന്നുണ്ടോ?! ഉദ്യോഗസ്ഥർക്ക് 'അക്കൗണ്ട് ഡബിലിറ്റി 'അല്ലെങ്കിൽ വീഴ്ച കാണിക്കുന്ന ഉദ്യോഗസ്ഥന് വീഴ്ചയ്ക്ക് അനുപാതികമായി നടപടികൾ വരുന്നുണ്ടോ എന്നത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. വലിയ നികുതി ബാധ്യത വന്ന രണ്ടു കേസുകൾ, പ്രത്യേകിച്ചും

ഉദ്യോഗസ്ഥർക്ക് വളരെ ലളിതമായി പരിഹരിക്കാവുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ writ petition ആയി ഫയൽ ചെയ്ത് ഹൈക്കോടതിയുടെ ശ്രദ്ധയിൽ ഈ അടുത്ത മാസങ്ങളിൽ കൊണ്ടുവരാൻ ഈ ലേഖകന് സാധിച്ചു. വലിയ തുകയുടെ ബാധ്യത വന്ന രണ്ട് കക്ഷികളുടെ ഉത്തരവുകളും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇല്ലാതായതും 2025 എന്ന വർഷത്തലെ മാത്രം ഈ ലേഖകന്റെ നേരിട്ടുള്ള അനുഭവമാണ്.

നികുതിദായകർക്കും നികുതി മേഖലയുമായി ബന്ധപ്പെട്ട പ്രൊഫഷണലുകൾക്കും ഉദ്യോഗസ്ഥർക്കും അരക്ഷിതാവസ്ഥയിലും അസ്വസ്ഥതയിലും ജീവിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകാൻ ജി.എസ്.ടി.യുടെ പരിമിതകൾ ഇടയാക്കരുത്. ജി.എസ്.ടി.യുടെ പ്രശ്നങ്ങളിൽ പരിഹാരത്തിനായി സർക്കാരിന്റെ സജീവമായ ഇടപെടലുകൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

ഉദ്യോഗസ്ഥരുടെ മുൻപിൽ നേരിട്ട് ഹാജരായി രേഖകൾ സഹിതം സമർപ്പിക്കുന്ന മറുപടികൾ പോലും പരിഗണിക്കാതിരിക്കുന്ന ഒരു കാലഘട്ടത്തിൽ അത്തരം നടപടികൾ എല്ലാം ഓൺലൈനിലൂടെ ഫെയ്സ്ലെസ് (Faceless) ആക്കാൻ തയ്യാറെടുക്കുന്നു എന്ന് പറയുന്നത് ഈ മേഖലയുമായി ബന്ധപ്പെട്ടവർക്ക് ഭയപ്പാടാണ് ഉണ്ടാക്കുക.

കേന്ദ്ര ജി.എസ്.ടി. വകുപ്പും സംസ്ഥാന ജി.എസ്.ടി. വകുപ്പും നികുതിദായകരിൽ രണ്ട് തലങ്ങളെ സൃഷ്ടിക്കുന്നു.

നമ്മുടെ നാട്ടിൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുമ്പോൾ തൊണ്ണൂറു ശതമാനം നികുതി ദായകരും കേരള ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് വരുന്നത്. എന്നാൽ ബാക്കി വരുന്ന പത്തു ശതമാനം നികുതിദായകർ സെൻട്രൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിൽ കേന്ദ്ര സർക്കാരിന്റെ കീഴിലാണ് വരുന്നത്. കേന്ദ്ര ജി.എസ്.ടി. നിയമത്തിൽ 'ഫേസ് ലെസ്സ്' നികുതി നിർണയ രീതികൾ പ്രാവർത്തികമാക്കാതെ വരുമ്പോൾ കേരള സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതിദായകരോട് വിവേചനം അല്ലേ കേരള സർക്കാർ കാണിക്കുന്നത്. ഒരു സംസ്ഥാനത്ത് പലതരം നടപടിക്രമങ്ങൾ ഉചിതമാണോ?

കേരള ജി.എസ്.ടി. തുടങ്ങുമ്പോൾ മുതൽ ഈ വിവേചനം ഉണ്ട്. അതിപ്പോഴും തുടരുന്നു. ഒരു ഉദാഹരണം പറയാം

കേരള ജി.എസ്.ടി.യുടെ കീഴിലുള്ള നികുതി ദായകർക്ക് ജി.എസ്.ടി.യിൽ അപ്പീൽ ഫയൽ ചെയ്യണമെങ്കിൽ (KLBF) കെ.എൽ.ബി.എഫ്. സീലുള്ള 20,000 രൂപയുടെ വരെ അഡീഷണൽ കോർട്ട് ഫീ വേണ്ടി വരുന്നു. എന്നാൽ കേരള ജി.എസ്.ടി. റജിസ്ട്രേഷനുള്ള ആളുടെ തൊട്ടടുത്ത കേന്ദ്ര നികുതി ദായകനു അല്ലെങ്കിൽ സംസ്ഥാന ജി.എസ്.ടി. റജിസ്ട്രഷനുള്ള നികുതി ദായകന്റെ അയല്പക്കക്കാരന് അപ്പീൽ നൽകാൻ 20,000 രൂപയുടെ ഫീസ് അപ്പീലുകളിൽ കൊടുക്കേണ്ട. ഒരു സംസ്ഥാനത്ത് തൊട്ടടുത്ത ബിസിനസ് സ്ഥാപനങ്ങൾ തമ്മിൽ ജി.എസ്.ടി.യുടെ പല കാര്യങ്ങളിലും വ്യത്യാസം ഉണ്ടാകുന്നു. ഇത് കേരളത്തിലാണ് കൂടുതൽ എന്നത് കൂടി നോക്കണേ. ഒരു രാജ്യം ഒരു നികുതി എന്ന വലിയ കാഴ്ചപ്പാടിലേക്ക് രാജ്യം ഉയരുമ്പോൾ എന്തുകൊണ്ട് ചില സംസ്ഥാനങ്ങൾ ഇത്തരത്തിലുള്ള വിവേചനങ്ങൾക്ക് വഴിയിട്ടു കൊടുക്കുന്നു. ഇത്തരത്തിലുള്ള നിരവധി വിവേചനങ്ങൾ നികുതിദായകർ നേരിടേണ്ടി വരുന്ന ഒരു സമയത്ത് വളരെ ധൃതിപിടിച്ച് പൊതു ജനങ്ങളിൽ നികുതിയുമായി ബന്ധമില്ലാത്തവരുടെ കയ്യടി വാങ്ങാൻ വേണ്ടി മാത്രം 'ഫെയ്സ്ലെസ് അഡ്ജ്യൂഡിക്കേഷൻ' അല്ലെങ്കിൽ മുഖം കാണാതെയുള്ള നികുതി നിർണയ പരിപാടികൾ നടപ്പാക്കുന്നതുകൊണ്ട് ആർക്കാണ് ഗുണം. നികുതി മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ഒരു സമവായം ഉണ്ടാക്കിയതിനുശേഷം പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതല്ലേ ഉത്തമം.

## ഇൻകംടാക്സ് ഡിപ്പാർട്മെന്റിനെ ചാരല്ലേ!

ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ ഫെയ്സ്ലെസ് നികുതി നിർണയ നടപടികൾ നടപ്പാക്കിയിട്ടുണ്ട്. അതു കൊണ്ട് സ്റ്റേറ്റ് ജി.എസ്.ടി. യിലും അത് നടപ്പാക്കാം എന്ന് പറയുന്നതിൽ തെറ്റുണ്ട്. ഇൻകം ടാക്സിൽ എത്രയോ നാളത്തെ പരിശ്രമ ഫലമായാണ് ഫെയ്സ്ലെസ്സ് നികുതി നിർണയം നടപ്പാക്കി തുടങ്ങിയത്. ഇന്നും ഇൻകം ടാക്സിലെ ഫെയ്സ് ലെസ്സ് നികുതി നടപടിക്രമങ്ങളിൽ അപാകതകൾ തുടരുന്നത് കൊണ്ട് ബഹുമാനപ്പെട്ട കോടതികൾ ഇടപെടേണ്ടി വരുന്നു. മാത്രവുമല്ല ഇൻകം ടാക്സ് ഡിപ്പാർട്മെന്റിൽ റെയ്ഡ് പോലെയുള്ള കാര്യങ്ങളിൽ നികുതി നിർണയങ്ങൾ മിക്കവാറും 'ഫെയ്സ്ലെസ്സ്' അല്ല. നികുതി നിർണയം മാത്രമല്ല ഇൻകം ടാക്സിലെ ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട അപ്പീലുകളും 'ഫേസ്ലെസ്സ്' അല്ല എന്നതും ഇവിടെ എടുത്തു പറയേണ്ടതാണ്.

ജി.എസ്.ടി. പോർട്ടലിലെ സുതാര്യത ഉറപ്പുവരുത്തി നികുതിദായകർക്കു 'യൂസർ ഫ്രണ്ട്ലി' ആയ ജി.എസ്.ടി. റിട്ടേൺ സാഹചര്യങ്ങൾ ലഭ്യമാക്കിയതിനുശേഷം, മതിയായ സാഹചര്യങ്ങളും മതിയായ ബോധവൽക്കരണങ്ങളും നടത്തിയതിനുശേഷം മാത്രമേ ഫെയ്സ്ലെസ്സ് അഡ്ജ്യൂഡിക്കേഷന് വേണ്ടി ശ്രമിക്കാവൂ എന്നതാണ് ഈ ലേഖകന്റെ അഭിപ്രായം.

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
✆ 98462 27555, 79024 43188, 79070 00401




## നവസംരംഭകർക്ക് ഭക്ഷ്യ സംസ്കരണ മേഖലയിൽ ചിറകടിച്ചുയരാൻ

# പിഎംഎഫ്എംഇ പദ്ധതി – കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ



സൂരജ് എസ്.

ഭക്ഷ്യ സംസ്കരണ സംരംഭക മേഖലയിൽ പുതു ഉയരങ്ങൾ താണ്ടാൻ സംരംഭകരെ പ്രാപ്തരാക്കുകയാണ് കേരളം. പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതിയുടെ മികച്ച പ്രകടനമാണ് കേരളം കാഴ്ചവക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിലും 2024-25 സാമ്പത്തിക വർഷത്തിലും കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനു ലക്ഷ്യമായി നൽകിയ വ്യക്തിഗത വായ്പാ അപേക്ഷകളുടെ പൂർത്തീകരണം തന്നെ ഭക്ഷ്യ സംസ്കരണ സംരംഭക മേഖലയിൽ പി.എം. എഫ്.എം.ഇ. പദ്ധതിയിൻ കീഴിൽ കേരള സംസ്ഥാനത്തിന്റെ മുന്നേറ്റം രേഖപ്പെടുത്തുന്നതാണ്. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ കൃത്യമായ ആസൂത്രണവും മികവാർന്ന നേതൃപാടവവും ആണ് ഭക്ഷ്യ സംസ്കരണ സംരംഭക മേഖലയിൽ കേരളത്തിന് അഭിമാന നേട്ടങ്ങൾ സമ്മാനിക്കുന്നത്. അതിന്റെ തുടർച്ചയാണ് പി.എം.എഫ്.എം.ഇ. പദ്ധതി - കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ.

പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതിയുടെ ഭാഗമായി, തൃശ്ശൂരിലെ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാലയുടെ (KAU) അഗ്രി ബിസിനസ് ഇൻകുബേറ്ററിൽ സ്ഥാപിച്ച കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സെന്ററിന്റെ ഉദ്ഘാടനം 2025 ഓഗസ്റ്റ് 12ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. ബഹു. റെവന്യൂ & ഭവന വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷനായിരുന്നു.



കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ 2.75 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ നിർമാണം പൂർത്തിയാക്കിയിരിക്കുന്നത്. കേരളത്തിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സൗകര്യം പൊതുജനങ്ങൾക്കായി/സംരംഭകർക്കായി

ലഭ്യമാക്കിയിരിക്കുന്നത്.






കേരള കാർഷിക സർവകലാശാലയുടെ മേൽനോട്ടത്തിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന് കീഴിൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പി.എം.എഫ്.എം.ഇ. പദ്ധതിക്ക് കീഴിൽ 2.75 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിരിക്കുന്നത്. അരി, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങളും പച്ചക്കറികളും ഉൾപ്പെടെയുള്ള തൃശൂർ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഭക്ഷ്യ സംസ്കരണ ആവശ്യങ്ങൾ ഇതിലൂടെ നിറവേറ്റപ്പെടും. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും ഇൻകുബേഷൻ ഫെസിലിറ്റി ലഭ്യമാക്കുന്ന തരത്തിലാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പ്രവർത്തനങ്ങൾ സജ്ജമാക്കിയിരികുന്നത്.

8485 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ അത്യാധുനിക കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയിലൂടെ, 600-ലധികം സൂക്ഷ്മ ഭക്ഷ്യ സംരംഭകർക്ക് ആധുനിക യന്ത്രസാമഗ്രികൾ, പരിശീലനം, സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ അവരെ ശാക്തീകരിക്കുന്നതിനും ഉന്നതിയിലേക്ക് ഉയർത്തുന്നതിനും വഴി തുറക്കുന്നു. കൂടാതെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പൂർത്തീകരണത്തിലൂടെ കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖല ശക്തിപ്പെടുന്നതിനോടൊപ്പം അടിസ്ഥാനതല തൊഴിൽ നവീകരണം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയ്ക്കും കാരണമാകും.

കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സെന്റർ പ്രവർത്തന സജ്ജമായതോടെ പ്രാദേശിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സമുന്നതിയിലേക്ക് കുതിച്ചുയരുന്നതിനും സുസ്ഥിര ഉപജീവന അവസരങ്ങൾ സൃഷ്ടിച്ചെടുക്കാനും, കേരളത്തിന്റെ ഭക്ഷ്യ സംസ്കരണത്തിൽ സ്വാശ്രയത്വം എന്ന വിശാലമായ കാഴ്ചപ്പാടിനെ യാഥാർഥ്യമാക്കാനും സാധിക്കും. ഇങ്ങനെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സെന്ററിൽ നിന്നും ഉത്പാദിപ്പിച്ചു യു.എ.ഇ.യിലേക്ക് കയറ്റുമതി ചെയ്യുന്ന ഭക്ഷ്യ ഉത്പന്നങ്ങളുടെ ഫ്ളാഗ്ഓഫ് കർമ്മവും ബഹു. വ്യവസായ മന്ത്രി ഈ അവസരത്തിൽ നിർവ്വഹിച്ചു .

ചടങ്ങിൽ കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി. അശോക് ഐ.എ.എസ്., വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെബിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ പി. വിഷ്ണുരാജ് ഐ.എ.എസ്., മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഇന്ദിരാ മോഹനൻ, കെബിപ്പ് സി.ഇ.ഒ. സൂരജ് എസ്., വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ജി. രാജീവ്, കാർഷിക സർവകലാശാല അഗ്രിക്കൾച്ചർ കോളേജ് ഡീൻ ഡോ. മാണി ചെല്ലപ്പൻ, കാർഷിക സർവകലാശാല അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ.പി. സുധീർ, തൃശൂർ ഡി.ഐ.സി. ജനറൽ മാനേജർ ശ്രീമതി. എസ്. ഷീബ, വാർഡ് കൗൺസിലർ എം.എസ്. ഷിനോജ്, കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് ട്രഷറർ ബി. ജയകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**




## ഇത് ചരിത്രം; ഇൻകുബേഷൻ സെന്ററിൽനിന്ന് ആദ്യ കയറ്റുമതി

ഇന്ത്യയിൽ ആദ്യമായി പി.എം.എഫ്.എം.ഇ. പദ്ധതിയുടെ സഹായത്തോടെ ആരംഭിച്ച അഗ്രി ഇൻക്യൂബേഷൻ സെന്ററിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമിച്ച ഉൽപന്നങ്ങളുടെ കയറ്റുമതിക്ക് തുടക്കം കുറിച്ചു. കാർഷിക സർവകലാശാല സംരംഭകർക്കായി ഒരുക്കിയ കോമൺ ഇൻക്യൂബേഷൻ ഫെസിലിറ്റി ഉപയോഗപ്പെടുത്തി നൗക എന്റർപ്രൈസസ് സജ്ജമാക്കിയ ആദ്യ കണ്ടെയ്നറിന്റെ കയറ്റുമതിക്കാണ് ചൊവ്വാഴ്ച തുടക്കമായത്. കാർഷിക സർവകലാശാലയിൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ കോമൺ ഇൻക്യൂബേഷൻ ഫെസിലിറ്റിയുടെ ഉദ്ഘാടനത്തോടനുബന്ധമായി ആദ്യ കയറ്റുമതി കണ്ടെയ്നറിന്റെയും ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു.

# ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ മികച്ചതാവാൻ 10 കാരണങ്ങൾ



ടി.എസ്. ചന്ദ്രൻ

കെ.എസ്.എസ്.ഐ.എ.യും (കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ) മെട്രോ മീഡിയയും നടത്തിവരുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സിബിഷൻ 2-ാം എഡിഷനിലേക്ക് കടക്കുകയാണ്. ഒന്നാം എഡിഷൻ കളമശ്ശേരി കിൻഫ്ര പാർക്കിലാണ് നടന്നത്. മികച്ച പ്രതികരണം ലഭിച്ച പ്രോഗ്രാം എന്നതിനാൽ തുടർന്നും മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തികച്ചും മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉറപ്പുവരുത്തി കൊണ്ട് എഡിഷൻ ടു കാഴ്ചവയ്ക്കുകയാണ്. 2026 ജനുവരി 16, 17, 18, തീയതികളിൽ കൊച്ചിയിലെ ദേശീയപാതയോട് ചേർന്നുള്ള അങ്കമാലിക്കടുത്ത് അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ. ആണ് നടക്കുക.

## ഈ അന്തർദേശീയ പ്രദർശനം ശ്രദ്ധേയമാകാൻ 10 കാരണങ്ങളുണ്ട്

### 1. എക്സിബിഷൻ നടക്കുന്ന സ്ഥലം:

എക്സിബിഷൻ നടക്കുന്ന സ്ഥലം അഡ്‌ലക്സ് കൺവെൻഷൻ സെന്റർ, കറുകുറ്റി, അങ്കമാലി, എറണാകുളം ജില്ലയിലാണ്. തൃശ്ശൂർ ജില്ലയുടെ ബോർഡർ ആണ്. കേരളത്തിൽ ഇതിലും മികച്ച ഒരു സ്ഥലം ഇതുപോലെ ഒരു എക്സിബിഷൻ നടത്താൻ വേറെ ഇല്ല. ഇവിടെ ഏറ്റവും ആഡംബരമായ രീതിയിൽ പ്രദർശനം ഒരുക്കുന്നതിനും, വാഹന പാർക്കിംഗ് സൗകര്യവും വന്നുചേരാനുള്ള സൗകര്യവും ഉണ്ട്. വന്നുചേരുക വളരെ എളുപ്പമാണ്. വളരെ ഈസിയായി ഒരു പോക്കറ്റ് റോഡും തപ്പി നടക്കാതെ വളരെ നേരെ ഏതൊരു കേരളീയനും പെട്ടെന്ന് എത്തിച്ചേരാവുന്ന ഒരു നല്ല സ്പോട്ടാണ് ആലുവ തൃശ്ശൂർ ദേശീയപാത! വളരെ തിരക്ക് കുറഞ്ഞ വളരെ വീതി കൂടിയ മികച്ച ഒരു റോഡ് സൗകര്യമുള്ള സ്ഥലമാണ്. ഈ സ്ഥലം തിരഞ്ഞെടുത്തത് പ്രദർശനത്തിന് ഒരുങ്ങി വരുന്ന സ്ഥാപനങ്ങൾക്കും, കാണാൻ വരുന്ന വ്യവസായികൾക്കും ഏറ്റവും അനുയോജ്യമായ ഒരു സ്ഥലമാണ്.



### 2. 600 + സ്റ്റാളുകൾ:

600-ൽ പരം സ്റ്റാളുകളാണ് ഈ എക്സിബിഷന്റെ ഭാഗമായി ഒരുക്കുന്നത്. അതിൽ മെഷിനറി നിർമ്മാണ സേവന ദാധാക്കൾക്കാണ് മുൻഗണന നൽകുന്നത്. എങ്കിലും മറ്റ് വ്യവസായങ്ങളെയും ഇതിൽ പങ്കെടുപ്പിക്കുന്നു. ഗാർമെന്റ്, പ്ലാസ്റ്റിക്, റബ്ബർ, പേപ്പർ, ഭക്ഷ്യ സംസ്കരണം, തുടങ്ങിയ എല്ലാ സമസ്ത മേഖലകളെയും ഉൾക്കൊള്ളുന്ന രീതിയിലാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്. 600 പരം സ്റ്റാളുകൾ ഇതിൽ പങ്കെടുക്കും എന്നാണ് വിചാരിക്കുന്നത്. ഇത്രയധികം സ്റ്റാളുകൾ ഒരുക്കുന്ന എക്സിബിഷനുകൾ തീരെ കുറവാണ് എന്നുള്ളതാണ് യാഥാർത്ഥ്യം. മെഷിനറി നിർമ്മാതാക്കൾക്കും മാത്രമല്ല, ചെറിയ ഉൽപ്പന്ന നിർമ്മാതാക്കൾക്കും ഇതിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യമുണ്ട്. മുപ്പതിനായിരത്തിൽ അധികം ഉൽപ്പന്നങ്ങളും 50,000 സന്ദർശകരെയും ഈ എക്സിബിഷനിൽ പ്രതീക്ഷിക്കുന്നു.

### 3. കേന്ദ്രസർക്കാർ സബ്സിഡി:

ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്ന എക്സിബിറ്റേഴ്സിന് കേന്ദ്ര സർക്കാരിന്റെ സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കും. കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയം നൽകിവരുന്ന എക്സിബിഷൻ ഗ്രാൻഡ് ആണ് ഇവർക്ക് അർഹമായിട്ടുള്ളത്. 120 സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ ഗ്രാന്റ് ലഭിക്കാൻ അർഹതയുണ്ട്. അതിൽ തന്നെ ആദ്യം അപേക്ഷിക്കുന്ന, ഉദ്യം രജിസ്ട്രേഷൻ ഉള്ള മാനുഫാക്ചറിംങ് യൂണിറ്റുകൾക്കായിരിക്കും പ്രാധാന്യം ലഭിക്കുക. ആദ്യം അപേക്ഷിക്കുക എന്നുള്ളതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യം. അപേക്ഷിച്ചാൽ പൂർണ്ണമായും സൗജന്യമായി ഈ എക്സിബിഷൻ നടത്തുന്നതിന് അത്തരം യൂണിറ്റുകൾക്ക് അർഹതയുണ്ടായിരിക്കും.

### 4. കൂടുതലായി എത്തുന്നത് വ്യവസായികൾ:

വ്യവസായികളുടെ കേരളത്തിലെ ഏക സംഘടനയായ കെ.എസ്.എസ്.ഐ.എ. യും മെട്രോ മാർട്ടും ചേർന്നാണ് ഈ പരിപാടി നടത്തുന്നത്. എന്നിരുന്നാലും വ്യവസായികളുടെ ഒരു പ്രോഗ്രാം എന്ന നിലയിൽ ഈ എക്സിബിഷനിൽ കൂടുതലായും പങ്കെടുക്കുന്നത് നിലവിൽ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ആളുകളാണ്. അത്തരം

വ്യവസായികൾ വരുമ്പോൾ സ്വഭാവികമായും മെഷിനറികൾ വാങ്ങുന്നതിനും, മെഷനറികൾ പുതുക്കുന്നതിനും, പുതിയ തലത്തിലേക്ക് കൊണ്ടു വരുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ടാകും. മാത്രമല്ല കേരളത്തിന്റെ മുഴുവൻ ജില്ലകളിൽ നിന്നും ആളുകൾ വണ്ടി വിളിച്ചു തന്നെ ഈ സ്ഥലത്ത് എക്സിബിഷൻ കാണാൻ എത്തുകയാണ്. എല്ലാ ജില്ലകളിലും, താലൂക്കുകളിലും കെ.എസ്.എസ്.ഐ.എ. യുടെ കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ പ്രവർത്തിക്കുന്നിടത്തു നിന്നെല്ലാം തന്നെ വണ്ടി വിളിച്ചു ഇവിടെ എക്സിബിഷൻ കാണാൻ വരുന്നു എന്നുള്ളതു കൊണ്ട് യഥാർത്ഥ വ്യവസായികളിലേക്ക് ഈ പ്രദർശനത്തിന്റെ സന്ദേശം എത്താൻ കഴിയുന്നു എന്ന ഒരു പ്രത്യേകതയുണ്ട്.

### 5. വലിയ മീഡിയ അട്രാക്ഷൻ:

മെട്രോ മാർട്ടാണ് ഇതിലെ മറ്റൊരു പങ്കാളി. അതോടൊപ്പം കേരളത്തിലെ മുഴുവൻ മീഡിയകളും ഈ വ്യവസായ പ്രദർശനം വേണ്ട രീതിയിൽ കവർ ചെയ്യും. ഇതിനോടകം തന്നെ ഇത് സംബന്ധിച്ചുള്ള വാർത്തകൾ എല്ലാം വലിയ പ്രചാരം നേടിക്കഴിഞ്ഞു. എല്ലാ ചാനലുകളുടെയും, സോഷ്യൽ മീഡിയ സപ്പോർട്ടും ഈ പ്രോഗ്രാമിന് ഉണ്ടാവും. ഇത് വലിയ ഒരു പ്രചാരണം ലഭിക്കുന്ന ഒരു പ്രോഗ്രാം കൂടി ആയിരിക്കും എന്നതിനാൽ ഇതിൽ പങ്കെടുക്കുന്ന എല്ലാ എക്സിബിറ്റേഴ്സിനും വലിയ തോതിൽ ഗുണം കിട്ടും.

### 6. സർക്കാർ സപ്പോർട്ടുകൾ:

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വലിയ തോതിലുള്ള സപ്പോർട്ട് ആണ് ഈ പ്രോഗ്രാമിൽ ലഭിക്കുന്നത് മുഖ്യമന്ത്രി, മറ്റു വകുപ്പ് മന്ത്രിമാർ, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, വ്യവസായ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ, കൺസൾട്ടന്റുമാർ, ടെക്നിക്കൽ എക്സ്പേർട്ടുകൾ ഇവരെല്ലാം തന്നെ ഈ എക്സിബിഷന്റെ ഭാഗമാകുമ്പോൾ അതൊരു മഹത്തായ സംഭവമായി മാറുക തന്നെ ചെയ്യും വലിയ തോതിലുള്ള മീഡിയ അട്രാക്ഷനും ഇതുമൂലം വന്നുചേരും.

India International INDUSTRIAL EXPO IIIE 2026
Accelerating Industry Growth

### 7. കസ്റ്റമേഴ്സ് ലൈഫ് ടൈം:

മൂന്നു ദിവസം മാത്രമാണ് എക്സിബിഷൻ നടക്കുന്നത് എങ്കിലും ഇതിൽ നിന്ന് ലഭിക്കുന്ന കസ്റ്റമേഴ്സ് ലൈഫ് ടൈം ആയിരിക്കും. എക്സിബിറ്റിംഗ് സ്ഥാപനത്തിന്റെ കൂടെയുണ്ടാകും. ഇതിൽ പങ്കെടുക്കുന്ന മിക്കവാറും സന്ദർശകർ എന്നുള്ളതാണ് മറ്റൊരു ആകർഷകത്വം. കസ്റ്റമേഴ്സിനെ ലഭിക്കാൻ എക്സിബിഷനുകൾ വലിയ സഹായം ചെയ്യും. പിന്നീട് കസ്റ്റമേഴ്സിന് വരുന്ന ഏതൊരു ആവശ്യങ്ങൾക്കും (താരതമ്യം നടത്തിയാണെങ്കിൽ കൂടി ) ഈ സ്ഥാപനവുമായി ബന്ധപ്പെടുക തന്നെ ചെയ്യും. അങ്ങനെ വരുമ്പോൾ കൂടുതൽ കസ്റ്റമേഴ്സിന് ലഭിക്കാൻ മൂന്നുദിവസത്തെ എക്സിബിഷൻ കൊണ്ട് സാധിക്കും. എക്സിബിഷൻ മൂന്നു ദിവസമാണെങ്കിലും അതിന്റെ ഫലം ലഭിക്കുക ലൈഫ് ടൈം ഒരു പക്ഷേ വർഷങ്ങളോളം ആയിരിക്കും എന്നുള്ളതാണ്.

### 8. പ്രവർത്തനം നേരിൽ കാണാൻ അവസരം:

ഒരു മെഷിനറിയുടെ പ്രവർത്തനം, അതിന്റെ രീതികൾ നേരിട്ട് അറിയാനുള്ള ഒരു അവസരമാണ് എക്സിബിഷൻ നൽകുന്നത്. അതുകൊണ്ടുതന്നെ ഇത് കാണാൻ വരുന്ന ആളുകൾക്ക് തന്റെ സ്ഥാപനത്തിൽ ഇത്തരത്തിൽ ഒരു മെഷിനറി എങ്ങനെ സ്ഥാപിക്കാൻ കഴിയും എന്ന് തീരുമാനിക്കാൻ ആകും. അത് താരതമ്യം ചെയ്യാനുള്ള അവസരമുണ്ടാകും. പ്രവർത്തനം നേരിട്ടു കാണാനുള്ള അസുലഭമായ ഒരു അവസരം ഉണ്ടാകും. പ്രദർശനം കാണുന്നത് 100% ഫ്രീ ആയിരിക്കും എന്നുള്ളതാണ്. പ്രവർത്തനം വിശദീകരിച്ചു തരികയും ചെയ്യുന്നു.

### 9. സാങ്കേതിക വിദ്യകൾ മികച്ചതാക്കാം:

എക്സിബിഷൻ കാണാൻ വരുന്ന വ്യവസായികളെ സംബന്ധിച്ചിടത്തോളം അവരുടെ നിലവിലുള്ള ഉൽപാദന പ്രക്രിയയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് വേണ്ടുന്ന ആശയങ്ങൾ സമാഹരിക്കാൻ കഴിയുന്നു. കാലഹരണപ്പെട്ട ടെക്നോളജി മാറ്റുന്നതിലൂടെ ഉത്പാദന ചെലവ് കുറയ്ക്കാനും, ഉൽപ്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനും സാധിക്കും എന്നത് തർക്കമില്ലാത്ത കാര്യമാണ്. ഇങ്ങനെ വരുമ്പോൾ നിലവിലുള്ള വ്യവസായിക്ക് അവരുടെ ഉൽപാദന വിതരണ വാങ്ങൽ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നു. അവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ട് എങ്ങനെ സ്ഥാപനത്തിന്റെ ഗുണം മെച്ചപ്പെടുത്താം എന്ന് കണ്ടെത്താനുള്ള വലിയ ഒരു സൗകര്യം കൂടിയാണ് ഈ അന്തർദേശീയ വ്യവസായ പ്രദർശനം നൽകുന്നത്.

### 10. ബിസിനസ് ഐഡിയകൾ ലഭിക്കുന്നു:

എന്തെങ്കിലും ഒരു ബിസിനസ് ചെയ്യണമെന്ന ആഗ്രഹിക്കുന്ന ആളുകൾക്ക് മികച്ച ആശയങ്ങൾ സമ്മാനിക്കാൻ കഴിയുന്ന ഒരു നല്ല പ്ലാറ്റ്ഫോമാണ് എക്സിബിഷനുകൾ. ഇത് നേരിൽ കാണുന്നയാൾക്ക് തനിക്ക് അനുയോജ്യമായ ഒരു സംരംഭ മേഖല തെരഞ്ഞെടുക്കാനുള്ള അവസരം കൂടി ലഭിക്കുന്നു.

കേരളത്തിന്റെ സംരംഭ വികസനത്തിൽ ഈ എക്സിബിഷൻ വലിയ പ്രാധാന്യം നടത്തും എന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിലെ വ്യവസായികളുടെ ഏക സംഘടനയായ കെ.എസ്.എസ്.ഐ.എ. നേതൃത്വം നൽകുന്നു. മികച്ച സംഘാടനം പ്രതീക്ഷിക്കാം. വ്യവസായികൾക്കും, പ്രദർശനത്തിൽ പങ്കെടുക്കുന്നവർക്കും, മറ്റ് സന്ദർശകർക്കും ഒരുപോലെ ഗുണം ചെയ്യുന്ന വലിയ ഒരു പ്രോഗ്രാം ആയിരിക്കും ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ. ■

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

### വ്യാവസായിക മുന്നേറ്റത്തിന്റെ പാതയിൽ കേരളം

# ഡിഫൻസ് പാർക്കും കെ-സ്പേസും പുതിയ സാധ്യതകൾ തുറക്കുന്നു



മിർ മുഹമ്മദ് അലി ഐ.എ.എസ്.

കേരളത്തിന്റെ വ്യാവസായിക പുരോഗതിയും അതിന്റെ പരിണാമവും വിശകലനം ചെയ്യുമ്പോൾ, സാമൂഹികവും സാമ്പത്തികവുമായ മേഖലകളിൽ സംസ്ഥാനത്തിന് ലോകോത്തര നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി കാണാം. വ്യവസായം, തൊഴിൽ എന്നീ സാമ്പത്തിക ഘടകങ്ങളെ ജനകീയമായി വികസിപ്പിച്ച്, സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിൽ കേരളം എന്നും വിജയിച്ചു. നവോത്ഥാന മുന്നേറ്റങ്ങളിലൂടെ രൂപം കൊണ്ട സമത്വാധിഷ്ഠിത ദർശനങ്ങളും മൂല്യങ്ങളുമാണ് ഈ നേട്ടങ്ങളുടെ അടിത്തറ. സംസ്ഥാന സർക്കാരിന്റെ ദീർഘ വീക്ഷണമുള്ള വ്യവസായ നയങ്ങളും സ്വകാര്യ പൊതുമേഖലാ നിക്ഷേപങ്ങളും ഈ മുന്നേറ്റങ്ങൾക്ക് നിർണായക പിന്തുണ നൽകി. കേരളത്തിന്റെ ഈ അതുല്യമായ വികസന മാതൃക, മറ്റ് സംസ്ഥാനങ്ങൾക്കും പ്രചോദനമായി മാറി.

കേരളത്തിന്റെ വികസനപാത എപ്പോഴും വേറിട്ടതായിരുന്നു. ലോകോത്തര മാനവ വികസന സൂചികകളും, സാമൂഹിക സമത്വത്തിലൂന്നിയ നയങ്ങളും കേരളത്തെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. പരമ്പരാഗത വ്യവസായങ്ങളിൽ മാത്രം ഒതുങ്ങാതെ, പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആധുനിക വ്യവസായങ്ങളെയും സാങ്കേതിക വിദ്യകളെയും സ്വാംശീകരിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് ബഹിരാകാശ സാങ്കേതികവിദ്യയിലും പ്രതിരോധ മേഖലയിലും കേരളം കൈവരിക്കുന്ന നേട്ടങ്ങൾ.

ബഹിരാകാശ ഗവേഷണം ഇന്ന് ശാസ്ത്രീയ കൗതുകം മാത്രമല്ല, അത് വലിയ സാമ്പത്തിക സാധ്യതകളുടെ ലോകം കൂടിയാണ്. ആശയവിനിമയം, കാലാവസ്ഥാ പ്രവചനം, കൃഷി, പ്രതിരോധം, ബഹിരാകാശ ടൂറിസം തുടങ്ങിയ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ മേഖലയ്ക്ക് കഴിയും. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഇസ്രോ) പിതാവായ വിക്രം സാരാഭായിയുടെ പേരിൽ തിരുവനന്തപുരത്തെ തുമ്പയിൽ വിക്രം സാരാഭായ് സ്പേസ് സെന്റർ (വി.എസ്.എസ്.എ.സി) സ്ഥാപിച്ചു കൊണ്ട് കേരളം ബഹിരാകാശ ഗവേഷണ രംഗത്ത് ആദ്യകാലം മുതൽ തന്നെ ശ്രദ്ധേയമായ സംഭാവനകൾ നൽകി വരുന്നു. ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ, ബഹിരാകാശ വ്യവസായ രംഗത്ത് ഒരു പുതിയ അധ്യായം കുറിക്കാൻ സംസ്ഥാന സർക്കാർ ഒരുങ്ങുകയാണ്.







തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ സ്ഥാപിക്കുന്ന കേരള സ്പേസ് പാർക്ക് (കെ-സ്പേസ്) കേരളത്തിന്റെ ബഹിരാകാശ സാങ്കേതിക വ്യവസായ രംഗത്തെ വിപ്ലവകരമായ ചുവടുവെപ്പാണ്. ബഹിരാകാശ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. വിക്രം സാരാഭായ് സ്പേസ് സെന്റർ (വി.എസ്.എസ്.സി.), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ്





ആൻഡ് ടെക്നോളജി (ഐ.ഐ.എസ്.ടി.) എന്നിവയുമായി സഹകരിച്ചാണ് കെ-സ്പേസ് പ്രവർത്തിക്കുക. 18.56 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ സ്ഥാപനം വിക്ഷേപണ വാഹന ഘടകങ്ങളുടെ നിർമ്മാണം, ഉപഗ്രഹ രൂപകൽപ്പന, ഗ്രൗണ്ട് സെഗ്മെന്റ് ഇൻഫ്രാസ്ട്രക്ചർ, ഡാറ്റ അനലിറ്റിക്സ് തുടങ്ങി വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കാൻ ഒരുങ്ങുകയാണ്. ഭാവിയിലെ വികസന പദ്ധതികൾ ബഹിരാകാശ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന സ്വകാര്യ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും ശക്തമായ പ്രചോദനമാകും. ഇതിലൂടെ കേരളത്തിനു രാജ്യത്തെ മുൻനിര ബഹിരാകാശ വ്യവസായ കേന്ദ്രമായി ഉയരാൻ കഴിയും.

'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിലൂടെ പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള രാജ്യത്തിന്റെ ശ്രമങ്ങൾക്ക് കരുത്ത് പകരുന്നതിൽ കേരളവും മുൻനിരയിൽ നിലകൊള്ളുന്നു. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സ്ഥാപിച്ച കിൻഫ്ര ഡിഫൻസ് പാർക്ക്, ഈ ലക്ഷ്യത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രധാന മുന്നേറ്റമാണ്. പ്രതിരോധ നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏകദേശം 60 ഏക്കർ ഭൂമിയിൽ, 130.84 കോടി രൂപ മുതൽ മുടക്കിലാണ് ഈ പദ്ധതി യാഥാർത്ഥ്യമായത്. റോഡ്, റെയിൽ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ തുടങ്ങിയ ഗതാഗത സൗകര്യങ്ങളിൽ നിന്ന് അധികം ദൂരെയല്ലാതെ സ്ഥിതിചെയ്യുന്ന പാർക്ക്, സംസ്ഥാനത്തിന്റെ വ്യാവസായികവും വാണിജ്യപരവുമായ സാധ്യതകൾക്ക് വലിയ പിന്തുണ നൽകുന്നു.



ആയുധങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, ഏവിയോണിക്സ്, സൈനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ, സംരക്ഷണ വസ്ത്രങ്ങൾ തുടങ്ങിയ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട വിവിധ വ്യവസായങ്ങൾക്കാണ് ഇവിടെ മുൻഗണന നൽകുന്നത്. പ്രതിരോധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുക, നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുക, യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഡിഫൻസ് പാർക്കിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കെ-സ്പേസ്, കിൻഫ്ര ഡിഫൻസ് പാർക്ക് എന്നീ രണ്ട് സംരംഭങ്ങളും കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ പുതിയ പ്രതീക്ഷകൾ സൃഷ്ടിക്കുന്നു. സമീപഭാവിയിൽ ബഹിരാകാശ സാങ്കേതികവിദ്യയിലും പ്രതിരോധ മേഖലയിലും സംസ്ഥാനത്തിന് ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനാവും. ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള മാനവ വിഭവശേഷി സംസ്ഥാനത്ത് ലഭ്യമായതിനാൽ, ഈ മേഖലകൾ വലിയ വ്യാവസായിക സാധ്യതകളാണ് തുറക്കുന്നത്. മാത്രമല്ല, ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും വിപുലമായ അവസരങ്ങൾ ഒരുക്കുന്നതിലൂടെ, കേരളത്തിന്റെ സാമ്പത്തിക വളർച്ചയും പുരോഗതിയും ഒരുപോലെ സഹായകമാകും.

**Scan for the initiative of Industries Department in the previous two years.**

ബഹിരാകാശപ്രതിരോധ സാങ്കേതിക വിദ്യകളുടെ ഒരു പ്രധാന കേന്ദ്രമായി ഭാവിയിൽ കേരളം മാറുമെന്നതിൽ സംശയമില്ല. ഈ കുതിപ്പ് കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് മാത്രമല്ല, രാജ്യത്തിന്റെ സാങ്കേതിക മുന്നേറ്റത്തിനും വലിയ സംഭാവനകൾ നൽകും. പുതിയ വ്യവസായങ്ങളെയും തൊഴിൽ സാധ്യതകളെയും സ്വാഗതം ചെയ്തുകൊണ്ട് കേരളം മുന്നോട്ട് പോകുമ്പോൾ, ഇത്തരം വ്യാവസായിക മേഖലകൾ കേരളത്തിന്റെ സമഗ്ര വികസനത്തിന് പുതിയ ദിശാബോധം നൽകും. കേരളത്തിന്റെ നൂതനമായ കാൽവെപ്പുകൾ, ആധുനിക വ്യവസായങ്ങളുടെ സാധ്യതകൾ തിരിച്ചറിയുന്നതിനും, അതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയെ മെച്ചപ്പെടുത്തുന്നതിനും സഹായകമാകും.■

*കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ*



# REINVENT MALABAR
# ഗ്രോത്ത് സ്റ്റോറീസ് കാമ്പയിന് തുടക്കം കുറിച്ചു



ഇസ്ഹാക് കളത്തിങ്കൽ

മലബാറിലെ വ്യവസായ മേഖലക്ക് പുതിയ ദിശയും വെളിച്ചവും നൽകുന്നതിന് സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും വ്യാവസായിക മുന്നേറ്റത്തിനാവശ്യമായ ആശയങ്ങൾ സ്വരൂപിക്കാനുമായി കെ.എസ്.എസ്.ഐ.എ. സംഘടിപ്പിച്ച 'റീ ഇൻവെന്റ് മലബാർ: ഗ്രോത്ത് സ്റ്റോറീസ്' പരിപാടി പ്രതീക്ഷ നൽകുന്നതാണ്. പുതുതലമുറ നിക്ഷേപകർക്ക് നെറ്റ് വർക്കിങ്ങ് സാധ്യതകൾ തുറന്നു നൽകിയതിനൊപ്പം ഇന്നത്തെ ലോകത്തെ മത്സരത്തിൽ അതിജീവനത്തിനും വളർച്ചയ്ക്കുമുള്ള ആശയങ്ങളും Reinvent Malabar പങ്കുവെച്ചു. കമ്പയിന്റെ ഉദ്ഘാടനം ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു പ്രമുഖ വ്യവസായി മൈത്ര ഹോസ്പിറ്റൽ ചെയർമാൻ ഫൈസൽ കൊട്ടിക്കോളാൻ മുഖ്യതിഥിയായി പ്രൊഫസർ സജി ഗോപിനാഥ് മോഡറേറ്ററായിരുന്നു. CII ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട VKC റസാക്കിനെയും CII നോർത്ത് റീജിയൺ വൈസ് ചെയർമാനായി തെരഞ്ഞെടുത്ത അനിൽ ബാലനെയും മന്ത്രി പി. രാജീവ് ആദരിച്ചു. കോഴിക്കോട് ജില്ലയിൽ മാത്രം ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന നിക്ഷേപ വാഗ്ദാനം 20,472 കോടിയുടേതാണ്. ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ ഈ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടും. 17 പദ്ധതികളിൽ നിന്നായി വന്നിട്ടുള്ള ഈ വാഗ്ദാനങ്ങളിൽ 6 പദ്ധതികൾ ഇതിനോടകം നിർമ്മാണഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്. ഇതിലൂടെ ഉത്തര കേരളത്തിന്റെയാകെയും വ്യാവസായിക മുന്നേറ്റം ലക്ഷ്യമിട്ടു കൊണ്ടുള്ള നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്.




ഉത്തര കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്കായി സംരംഭകർ ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നായിരുന്നു കെ.എസ്.ഐ.ഡി.സി.യുടെ ഓഫീസ് സ്ഥാപിക്കണമെന്നത്. മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലുൾപ്പെടെ ഈ




REINVENT MALABAR
GROWTH STORIES

ആവശ്യം ഉയർന്നിരുന്നു. വളരെ പെട്ടെന്നുതന്നെ ഈ ആവശ്യം നിറവേറ്റാനും കോഴിക്കോട് കെ.എസ്.ഐ.ഡി.സി.ക്ക് പുതിയ ഓഫീസ് ആരംഭിക്കാനും സാധിച്ചു. ഐ.ടി. നിക്ഷേപം വർധിക്കുന്നതിനായി ആരംഭിച്ച കോഴിക്കോട് സൈബർ പാർക്കിൽ ടാറ്റ എലക്സി ഉൾപ്പെടെയുള്ള നിക്ഷേപങ്ങൾ കടന്നു വന്നതും പാർക്കിലെ മുഴുവൻ



സ്ഥലവും വിതരണം ചെയ്തതും ഈ സർക്കാരിന്റെ കാലത്താണ്. ഇതിന് പുറമെ കോഴിക്കോട് ഐ.ടി. പാർക്കിൽ 184 കോടി രൂപയുടെ പുതിയ കെട്ടിടവും സംസ്ഥാന സർക്കാർ നിർമ്മിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ ആരംഭിക്കാനിരുന്ന വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് 17 വർഷത്തോളം നീണ്ട പ്രശ്നങ്ങൾ നിലനിന്നിരുന്നു. ഈ കുരുക്കഴിച്ചതും 80 ഏക്കർ ഭൂമിയിൽ പാർക്ക് സ്ഥാപിക്കാൻ 222.83 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്.

പാർക്ക് പ്രവർത്തനമാരംഭിക്കുകയും കമ്പനികൾ പാർക്കിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 115.13 ഏക്കർ ഭൂമിയിൽ കുറ്റിയാടിയിൽ നാളികേര ഭക്ഷ്യ സംസ്കരണ പാർക്ക് ആരംഭിക്കുമെന്ന പ്രഖ്യാപനവും യാഥാർത്ഥ്യമായി. പാർക്കിന്റെ നിർമ്മാണം ആരംഭിച്ചു.

ഒരു ലക്ഷത്തിലധികം ചതുരശ്ര അടി വിസ്തീർണത്തിൽ കോഴിക്കോട് പ്രവർത്തനമാരംഭിച്ച കമ്പനി ഇപ്പോൾ വിപുലീകരണം നടത്തുകയാണ്. കൂടുതൽ നിക്ഷേപകർ സ്വകാര്യവ്യവസായ പാർക്കുകൾ ആരംഭിക്കാൻ മുന്നോട്ടു വരുന്നതിലൂടെ കോഴിക്കോട് ജില്ലയിൽ കൂടുതൽ വ്യവസായങ്ങൾ ഉയർന്നു വരും. ഇതുവരെ മലയാളികൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ പോയതിനു പകരം പുതിയ കേരള നിർമ്മിതിക്ക് അവരെ ആവശ്യമുണ്ടെന്നും അതിനവരെ തിരിച്ചു വിളിക്കുമെന്നും അവർക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞാൽ കേരളം വിട്ടവരുടെ മടക്കം സംഭവിക്കുമെന്ന് മന്ത്രി പറഞ്ഞു. നാടിന്റെ വികസനക്കുത്തിപ്പിന് അടിസ്ഥാന സൗകര്യത്തെക്കാൾ പുതുമയുള്ള ആശയങ്ങൾക്കണിപ്പോൾ പ്രാധാന്യം കേരളത്തിന്റെ കരുത്തും അതാണ് അപ്പോൾ നിക്ഷേപകർ കേരളത്തിലെത്തും നമ്മുടെ വൈദഗ്ധ്യമുള്ള യുവജനങ്ങൾ ഇവിടെയാണ് ജോലി ചെയ്യേണ്ടത് വ്യവസായ കുതിപ്പിന് സ്വതന്ത്രമായി ചിന്തിക്കാനുള്ള അന്തരീക്ഷം അനിവാര്യമാണ് ആ സാഹചര്യം കേരളത്തിലുണ്ടെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തു പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ വരുന്നവർക്ക് ആത്മ വിശ്വാസം നൽകിയത് കെ.എസ്.എസ്.ഐ.എ. യുടെ നിരന്തരമായ ഇടപെടലാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല കുറെ വർഷങ്ങളായി സർക്കാറിനോടൊപ്പം ചേർന്ന് നടത്തിയ കഠിന പ്രവർത്തനമാണ് ഈ വിജയത്തിന് ആധാരമെന്ന് സംസ്ഥാന പ്രസിഡണ്ട് എ. നിസാറുദ്ധീൻ പറഞ്ഞു. കോഴിക്കോട് ജില്ലാ കമ്മിറ്റി തുടക്കം കുറിച്ച ഈ കാമ്പയിൻ വിജയിപ്പിക്കുന്നതിനു സംസ്ഥാന കമ്മിറ്റി യുടെ എല്ലാ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു. വി.കെ.സി. മമ്മദ് കോയ, സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട, രജിത്ത് ബാബു, കെ.എസ്.എസ്.എഫ്. ചെയർമാൻ എം. ഖാലിദ് സംസ്ഥാന വൈസ് പ്രസിഡന്റ് എ.വി. സുനിൽ നാഥ്, ബാബു മാളിയേക്കൽ, അരുൺകുമാർ, പോൾ വർഗീസ് എം. രജിത്ത്, സജൽ മുഹമ്മദ്, വി.കെ.സി. റസാക്, അനിൽ ബാലൻ എന്നിവർ പ്രസംഗിച്ചു. ■

**എഡിറ്റോറിയൽ ബോർഡ് മെമ്പർ ആണ് ലേഖകൻ.**




പാലക്കാട് ഹൈടെക്ക് കടമ്പൂർ ഇൻഡസ്ട്രീയൽ പ്രൈവറ്റ് വ്യവസായ പാർക്കിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ് നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട ആശംസകൾ നേർന്നു.



പാലക്കാട് നെൻമാറയിലുള്ള മാക്സ് സുപ്രീം ടെക്സ്റ്റൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉദ്ഘാടനകർമ്മം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട ആശംസകൾ നേർന്നു.

# ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി

വൈദ്യുതിയുമായി ബന്ധപ്പെട്ട് ജില്ല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിക്ക് കേരള ചെറുകിട വ്യവസായ അസോസിയേഷൻ കാസർകോട് ജില്ലാ കമ്മിറ്റി നിവേദനം നൽകി.

കാസർകോട് ഗസ്റ്റ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിൽ ജില്ലാ പ്രസിഡണ്ട് എസ്. രാജാറാം, സെക്രട്ടറി മുജീബ് അഹമ്മദ്, ജില്ലാ കമ്മിറ്റി അംഗം കെ.ആർ. മനോജ് എന്നിവർ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ മന്ത്രിയെ ധരിപ്പിച്ചു.

ജില്ലയിലെ വൈദ്യുതി പ്രതിസന്ധിക്ക് വലിയ പരിഹാരമാവുന്ന കരിന്തളം 400 KV സബ്സ്റ്റേഷൻ പൂർത്തീകരിച്ചുവെങ്കിലും കർണാടകയിൽ നിന്ന് 400 കെ.വി. ലൈൻ എത്തിക്കേണ്ടവർക്ക് ചെയ്തുതീർക്കുന്നതിന്, നിലവിൽ കണ്ണൂർ ജില്ലയിൽ നിലനിൽക്കുന്ന



സ്ഥല ഉടമകളുമായുള്ള നഷ്ടപരിഹാര തർക്കം പ്രതിസന്ധി സൃഷ്ടിക്കുന്നതായി മന്ത്രി അറിയിച്ചു. കണ്ണൂർ ജില്ലയിലെ എം.എൽ.എ. മാരുടെ സാന്നിധ്യത്തിൽചർച്ചകൾ നടന്നുവെങ്കിലും, അതിലെ തീരുമാനങ്ങളിൽ നിന്ന് സ്ഥല ഉടമകൾ പിന്നോട്ട് പോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെയും സംഘടനകളുടെയും പിന്തുണ മന്ത്രി അഭ്യർത്ഥിച്ചു.

അനന്തപുരം ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് ഏരിയയിൽ നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി, പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നൽകാമെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുള്ളതായി മന്ത്രി പറഞ്ഞു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി എത്രയും പെട്ടെന്ന് വ്യവസായ വകുപ്പിന് കൈമാറുമെന്നും അദ്ദേഹം വിശദമാക്കി.■

# സ്വാതന്ത്ര്യദിനാഘോഷം








79-ാം സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് KSSIA സംസ്ഥാന - റീജിയണൽ - ജില്ലാ ഓഫീസുകളിൽ സംസ്ഥാന പ്രസിഡന്റ്, സംസ്ഥാന വൈസ് പ്രസിഡന്റുമാർ പതാക ഉയർത്തുന്നു.

KSSIA NEWS
AUGUST 2025




# വ്യാപാരിസുരക്ഷാ ഇൻഷുറൻസ് പദ്ധതി



വിശ്വനാഥൻ ഒടാട്ട്

കേരളത്തിൽ ഉടനീളമുള്ള വ്യാപാരികൾക്കായി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനി മുഖേന നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയാണ് വ്യാപാരി സുരക്ഷ. ഈ പാക്കേജിൽ വ്യാപാര സ്ഥാപനങ്ങൾക്ക് അപ്രതീക്ഷിതമായി ഉണ്ടായേക്കാവുന്ന തീ പിടുത്തം, വെള്ളപ്പൊക്കം, അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, കളവ് തുടങ്ങിയ ഒട്ടനവധി റിസ്കുകൾ കവർ ചെയ്യുന്ന ഒരു പാക്കേജ് പോളിസിയാണിത് ഒരു അത്യാഹിതം സംഭവിച്ചാൽ പരസഹായമില്ലാതെ തന്നെ ബിസിനസ്സിനെ പൂർവ്വ സ്ഥിതിയിലാക്കാൻ ഇത്തരം പദ്ധതികൾ സഹായകരമായിരിക്കും.

സംഘടനാതലത്തിൽ ഇത്തരം പോളിസികൾ നടപ്പിലാക്കുമ്പോൾ കുറഞ്ഞ പ്രീമിയം നിരക്കിൽ ലഭ്യമാവുന്നതോടൊപ്പം തന്നെ ഒരു ക്ലെയിം ഉണ്ടായാലും അനുബന്ധ സേവനങ്ങൾ സുഗമമാക്കാനും കഴിയുന്നു. റിസ്കുകൾ ഏറി വരുന്ന ഇന്നത്തെ ലോകത്ത് ഷോപ്പ്കീപ്പർ ഇൻഷുറൻസ് പോളിസികളുടെ പ്രാധാന്യം കൂടി വരികയാണ്. സ്ഥാപനത്തിന് വേണ്ട ഫയർ, ബർഗ്ലറി എന്നീ റിസ്കുകൾ ഈ പോളിസിയിൽ കവർ ചെയ്യുന്നു. ഇൻഷുർ ചെയ്യുന്ന തുക, വാർഷിക പ്രീമിയം നിരക്ക് എന്നിവ ഇതോടൊപ്പം നൽകുന്നു.

**ഫയർ ഇൻഷുറൻസ്:** പോളിസിയിലെ അടിസ്ഥാന കവറേജുകൾ എന്തെന്ന് പരിശോധിക്കാം. തീ പിടിത്തം, ഇടിമിന്നൽ, സ്ഫോടനം, കലാപം, സമരം, ആക്രമണം, അടിച്ചുതകർക്കൽ, പല തരത്തിലുള്ള കൊടുങ്കാറ്റുകൾ, വെള്ളപ്പൊക്കം, വാഹനങ്ങൾ മൂലമുണ്ടാവുന്ന ആഘാതങ്ങൾ, മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ, വെള്ളം നിറച്ച ടാങ്ക് അല്ലെങ്കിൽ പൈപ്പ് എന്നിവ പൊട്ടുകയോ, നിറഞ്ഞ് ഒഴുകുകയോ ചെയ്യുക മൂലമുള്ള നാശനഷ്ടങ്ങൾ, മിസൈൽ പരിക്ഷണ പ്രവർത്തനങ്ങൾ, ഓട്ടോമാറ്റിക് സ്പ്രിംഗ്ളറിൽ നിന്നുള്ള ചോർച്ച, കുറ്റിക്കാടുകളിൽ നിന്നുള്ള തീപിടിത്തം, ഭൂമി കുലുക്കം മൂലമുള്ള അപകടം, വാതക ചോർച്ച എന്നിവയാണ്. കെട്ടിടം, മെഷിനറികൾ, ഫർണിച്ചർ, അനുബന്ധ ഘടകങ്ങൾ എന്നിവ ഇൻഷുർ ചെയ്യേണ്ടത് അത് പുന:സ്ഥാപിക്കാനുള്ള വിലയ്ക്കാണ് (റീ-ഇൻസ്റ്റേറ്റ്മെന്റ് വാല്യൂ). പക്ഷെ സ്റ്റോക്കുകൾ ഇൻഷൂർ ചെയ്യേണ്ടത് അതിന്റെ യഥാർത്ഥ വിലയ്ക്കാണ്. പോളിസിയുടെ കാലാവധി ഒരു വർഷമാണ് (പോളിസി തുടങ്ങുന്ന ദിവസം മുതൽ).

**ബർഗ്ലറി ഇൻഷുറൻസ്:** വ്യാപാര സ്ഥാപനത്തിലെ വസ്തുവഹകൾ കളവ് പോയാൽ നഷ്ടപരിഹാരം ലഭിക്കുന്ന പോളിസിയാണിത്. സുരക്ഷിതമായി വെച്ചിരിക്കുന്ന സ്റ്റോക്കുകൾ, കെട്ടിടത്തിന്റെ പൂട്ടു പൊളിക്കുക, ചുമർ തുരക്കുക, മേൽക്കൂര തകർക്കുക എന്നീ കാരണങ്ങളാൽ അതിക്രമിച്ചു കടന്ന് സാധനങ്ങൾ മോഷ്ടിച്ച് കൊണ്ടു പോയാൽ മേൽപറഞ്ഞ പോളിസിയിൽ ക്ലെയിം ലഭിക്കുന്നതാണ്. സ്റ്റോക്കുകൾ ശരിയായ തുകയ്ക്ക് ഇൻഷുർ ചെയ്തിരിക്കണം.

**5 കോടി രൂപ വരെ ഇൻഷുർ ചെയ്യുന്ന സ്ഥാപനങ്ങൾക്കുള്ള വാർഷിക പ്രീമിയം**

| | കവർ ചെയ്യുന്ന റിസ്കുകൾ | വാർഷിക പ്രീമിയം |
|---|---|---|
| സാധാരണ ഷോപ്പുകൾക്ക് | ഫയർ & ബർഗ്ലറി (ഫയർ ഇൻഷുറൻസിലും ബർഗ്ലറി ഇൻഷുറൻസിലും കവർ ചെയ്യുന്ന മുഴുവൻ റിസ്കുകളും). | 45 രൂപ ഒരു ലക്ഷം രൂപയ്ക്ക് |

ഒരു പോളിസി ചെയ്യുന്നതിനുള്ള ഏറ്റവും ചുരുങ്ങിയ പ്രീമിയം 225 രൂപയാണ്.

5 കോടി രൂപയ്ക്ക് മുകളിൽ ഇൻഷുർ ചെയ്യുന്ന സ്ഥാപനങ്ങൾക്കുള്ള പ്രീമിയം സ്ലാബിൽ വ്യത്യാസം വരും.

ഇൻഷുർ ചെയ്യുവാനായി കടയുടെ ഡോർ നമ്പർ/സർവ്വേ നമ്പർ, അഡ്രസ്സ്, വസ്തുവഹകളുടെ വിവരങ്ങൾ എന്നിവയ്ക്കു പുറമെ ആധാർ കാർഡിന്റെ കോപ്പി, ജി.എസ്.ടി. റജിസ്ട്രേഷൻ കോപ്പി (ഉണ്ടെങ്കിൽ), ഷോപ്പ് ലൈസൻസ് നമ്പർ എന്നിവ നൽകേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനി പ്രതിനിധിയുമായോ/പ്രാദേശിക ഓഫീസുമായോ ബന്ധപ്പെട്ടാൽ മതി.

വിശ്വസ്തതയോടെ,

**വിശ്വനാഥൻ ഒടാട്ട്**
**മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ്.**
**ഫോൺ: 9895768333. ഇ-മെയിൽ: odatt@aimsinsurance.in**

# പത്ര വാർത്ത

## ഇന്ത്യയും മിഡിൽ ഈസ്റ്റും കൈകോർക്കുന്നു

# കേരളത്തിലെ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

**സിറാജ് കാസിം**

**കൊച്ചി**

▸ കേരളത്തിൽ പീഡിത വ്യവസായങ്ങളായി വിശേഷിപ്പിച്ച് നിലച്ചുപോയ വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഇന്ത്യയും മിഡിൽ ഈസ്റ്റും കൈകോർക്കുന്നു. ഇന്ത്യയിലെയും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെയും പ്രൊഫഷണലുകളും ബിസിനസുകാരും ചേർന്ന് തുടങ്ങിയ ഇന്ഡോഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സിന്റെ (ഇൻമെക്) നേതൃത്വത്തിലാണിത്. കേരളത്തിലെ നിലച്ചുപോയ വ്യവസായ യൂണിറ്റുകളിൽ വിദഗ്ധ പഠനം നടത്തി മെച്ചപ്പെടുത്താനാവുന്നവ കണ്ടെത്തി പ്രവർത്തനസജ്ജമാക്കാനുള്ള പിന്തുണ നൽകുകയാണ് ലക്ഷ്യം. ഒരു വർഷത്തിനിടെ കേരളത്തിലെ 40-ലേറെ വ്യവസായ യൂണിറ്റുകളിൽ ഇവർ പഠനം നടത്തി. ഇതിൽ പത്തിലേറെ യൂണിറ്റുകൾ പുനരുജ്ജീവന സാധ്യതയുള്ളതായി കണ്ടെത്തി അതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

കയർ, റബ്ബർ, തടി, ഭക്ഷണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളാണ് ആദ്യഘട്ടം പുനരുജ്ജീവിപ്പിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ വ്യവസായ യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു. പ്രവാസികളായ നിക്ഷേപകരുടെ സഹായത്തോടെയാണ് പദ്ധതി മുന്നോട്ടുപോകുന്നത്, യു.എ.ഇ., ഖത്തർ, ഒമാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഒട്ടേറെ പ്രവാസി നിക്ഷേപകർ ഇൻമെക് പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. ഈ രാജ്യങ്ങളിലെ പ്രമുഖ വ്യവസായ പാർക്കുകളും ഫ്രീ സോണുകളും ചേംബർ ഓഫ് കൊമേഴ്സുകളും സംരംഭവുമായി സഹകരിക്കുന്നുണ്ട്. ദുബായിയിലെ ജബൽ അലി ഫ്രീ സോൺ, ഷാർജ ഫ്രീ സോൺ, ഷാർജ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി തുടങ്ങിയ സംരംഭക പ്രസ്ഥാനങ്ങളുടെ സഹകരണം കേരളത്തിലെ വ്യവസായ സാഹചര്യങ്ങൾക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.■

### വ്യവസായത്തിന് വൻ പ്രതീക്ഷ



കേരളത്തിലെ വ്യവസായ രംഗത്തിനു വലിയ പ്രതീക്ഷകളും സാധ്യതകളും നൽകാനാണ് മിഡിൽ ഈസ്റ്റുമായുള്ള സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. സാധാരണ ഗതിയിൽ പീഡിത വ്യവസായങ്ങൾ പുനരുജ്ജീവനത്തിന്റെ ഭാഗമായുള്ള സാമ്പത്തിക സഹായത്തിനായി ബാങ്കുകളെ സമീപിക്കുമ്പോൾ അതിൽ നിന്ന് വ്യത്യസ്തമായ പുതിയ സംരംഭകരെ നിക്ഷേപകരായി ചേർത്താണ് ഇൻമെക് പദ്ധതി മുന്നോട്ട് പോകുന്നത്.

**എൻ.എം. ഷറഫുദ്ദീൻ,**
ഇൻമെക് ഫൗണ്ടർ ചെയർമാൻ

# മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതിയുടെ കാലാവധി 2026 ഏപ്രിൽ വരെ നീട്ടി

എം.എസ്.എം.ഇ.കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കെ.എഫ്.സി. മുഖാന്തിരം നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ വായ്പ പദ്ധതിയുടെ കാലാവധി 2026 ഏപ്രിൽ വരെ നീട്ടി. നിലവിലെ വായ്പ പരിധി രണ്ട് കോടിയിൽ നിന്നും അഞ്ചു കോടിയായി ഉയർത്തിയതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. പലിശ നിരക്കിൽ അനുവദിച്ചിരിക്കുന്ന 5% സബ്സിഡിയിൽ മൂന്ന് ശതമാനം സർക്കാരും രണ്ട് ശതമാനം കെ. എഫ്.സി. യും വഹിക്കും വായ്പ എടുക്കുന്ന സംരംഭകൻ 6 ശതമാനം പലിശ മാത്രം അടച്ചാൽ മതിയാകും പദ്ധതിയിൽ അപേക്ഷിക്കാനുള്ള പ്രായപരിധി 50-ൽ നിന്ന് 60 വയസ്സായി ഉയർത്തി 500 സംരംഭങ്ങൾക്ക് കൂടി വായ്പ ഈ വർഷത്തിൽ അനുവദിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 3101 സംരംഭങ്ങൾക്കായി 1046 കോടി ഇതുവരെ വായ്പ നൽകി.  ഒരു വർഷത്തെ മൊറട്ടോറിയം അടക്കം 5 വർഷമാണ് തിരിച്ചടവ് കാലാവധി. പ്രോജക്ടിന്റെ 90 ശതമാനം വരെ വായ്പ അനുവദിക്കും.■

## നമ്മുടെ വ്യവസായം

**വ്യ**വസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com

*International*

# PLASTICS MACHINERY EXPO

## 11 - 14, SEPTEMBER 2025

**ADLUX EXHIBITION CENTRE**

**KARUKUTTY, ANGAMALY**

LIVE DEMONSTRATIONS OF MACHINES

Bharat Petroleum
Shaping The Future
Presents
KPLEX 25
INTERNATIONAL PLASTICS EXHIBITION
11-14. SEPTEMBER 2025
KOCHI, INDIA
2nd Edition
ADLUX EXHIBITION CENTRE

Silver Sponsors

PLAST'O'PLAST
relpet
Reliance
SPL
CHILTON
SINCE 1984
we innovate
SBM
TECHNOLOGICAL COMPANY
GURUCHARAN INDUSTRIES

Organized by

KERALA PLASTIC MANUFACTURERS ASSOCIATION
KPMA
KARNATAKA STATE POLYMERS ASSOCIATION (R)
KSPA

VISITOR REGISTRATION FREE

**KERALA PLASTICS MANUFACTURERS' ASSOCIATION**

**Call: 0484 2354115 | 8075 111065**

E: kpmacochin@gmail.com | W: www.kplexkochi.com

KSSiA NEWS Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.